സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഇത് 2015 നവംബർ മാസത്തോടെ പ്രവർത്തനക്ഷമമാകുന്നതാണ്. കൂടാതെ സംസ്ഥാനത്തുടനീളം ചെലവ് കുറഞ്ഞതും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് ചെറുതും ഇടത്തരവുമായ IT/ITES Electronics Sector സംരംഭങ്ങൾ ആരംഭിക്കുന്നതിനായി RITEL പാർക്കുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

(ബി&സി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

അക്ഷയ സംരംഭകർക്ക് നൽകാനുള്ള കുടിശ്ശിക

111 (5916) <u>ശ്രീമതി അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സേവനങ്ങൾ പ്രദാനം ചെയ്ത ഇനത്തിൽ അക്ഷയ സംരംഭകർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട് ;

(ബി) ജനസമ്പർക്ക പരിപാടിയുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ അക്ഷയ സംരംഭകർക്ക് എത്ര തുക നൽകാനുണ്ട് ;

(സി) പ്രസ്തുത തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവിധ സേവനങ്ങൾ പ്രദാനം ചെയ്ത ഇനത്തിൽ അക്ഷയ സംരംഭകർക്ക് നൽകുവാനുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ജനസമ്പർക്ക പരിപാടിയുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ 35,76915 രൂപയും സർവ്വീസ് ടാക്സ് ഇനത്തിൽ 50,0768 രൂപയും ചേർത്ത് ആകെ 40,77683 രൂപ സേവന നിരക്കായും നൽകാനുണ്ട്. ഈ കുടിശ്ശിക പൂർണ്ണമല്ല. പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് ലഭ്യമാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

(സി) പ്രസ്തുത തുക അനുവദിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി

112 (5917) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) അമ്പലപ്പുഴമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്നും ഓരോ സേവനങ്ങൾക്കും അനുവദനീയമായ ഫീസ് എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്ന അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ 18 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ അമ്പലപ്പുഴ വടക്ക് - 2, അമ്പലപ്പുഴ തെക്ക് - 2, പുന്നപ്ര വടക്ക് - 3, പുന്നപ്ര തെക്ക് - 3, പുറക്കാട് - 2 എന്നിങ്ങനെ പഞ്ചായത്ത് പരിധിയിൽ 12 അക്ഷയ കേന്ദ്രങ്ങളും ആലപ്പുഴ നഗരസഭ പരിധിയിൽ 6 അക്ഷയ കേന്ദ്രങ്ങളുമാണുള്ളത്.

(ബി) നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങൾക്ക് വരെയേ പരമാവധി അനുമതി നൽകാൻ കഴിയൂ. എന്നാൽ 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് 2 കി.മി. ദൂരപരിധി ഉണ്ടായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന പ്രമേയത്തിനനുസരിച്ചാണ്. അമ്പലപ്പുഴ മണ്ഡലത്തിൽ നിലവിൽ 18 അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യപ്പെട്ടാൽ മേൽപ്പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന പ്രധാനപ്പെട്ട സേവനങ്ങളും ഓരോ സേവനങ്ങൾക്കുമുള്ള അനുവദനീയ ഫീസിനേയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) അക്ഷയ ജില്ല/സംസ്ഥാന ഓഫീസുകളിൽനിന്നുമുള്ള ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ഇൻസ്പെക്ഷൻ നടത്തുകയും കൂടുതൽ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പിഴ ചുമത്തുകയും ഒന്നിലധികംതവണ അമിത ഫീസ് ഈടാക്കുന്ന പക്ഷം അക്ഷയ സംരംഭകത്വം റദ്ദ് ചെയ്യുകയും ചെയ്യുവരുന്നു. എല്ലാ നിരക്കുകളും അക്ഷയ കേന്ദ്രങ്ങളിൽ പൊതുജന ശ്രദ്ധയ്ക്കായി പ്രദർശിപ്പിക്കണമെന്ന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly